Talented Bankers Literary Panel
പുസ്തകപരിചയം 107

പുസ്തകം പരിചയപ്പെടുത്തുന്നത്,
നന്ദകുമാർ ബി,
ഫെഡറൽ ബാങ്ക്.

ആരോഹണം
വി .കെ . എൻ.

സർഗ്ഗധനരായ എഴുത്തുകാർ മറ്റൊരു തലത്തിൽ പ്രവാചകരാണെന്നും നിരീക്ഷണമുണ്ട്. വി.കെ.എന്റെ ഈ കൃതിയുടെ കാര്യത്തിൽ അത് നൂറു ശതമാനവും ശരിയാണ്.
ആരോഹണം വി.കെ.എന്റെ ആദ്യകാല കൃതിയാണ്. സാക്ഷാൽ പയ്യന്റെ ജനനം കുറിച്ച നോവൽ.

ദൽഹിയാണ് നോവലിന്റെ പശ്ചാത്തലം. അഹിംസാ പാർട്ടിക്കാരനായ ആനന്ദ് റാം ചതുർവേദിയുടെ കുശിനിക്കാരനായിട്ടാണ് തുടക്കം. വെറും വേലക്കാരൻ പയ്യനിൽ നിന്ന് അധികാരത്തിന്റെയും കുതികാൽ ചവിട്ടുകളുടെയും ആശയസംഹാരവും ആശയ മാറ്റങ്ങളും പരിശീലിച്ച് പത്രപ്രവർത്തകനായും അധികാര കേന്ദ്രത്തിലെ ദല്ലാളായും ഒടുവിൽ ഭരണയന്ത്രത്തെ തന്നെ നിയന്ത്രിക്കുന്ന മുൻ സീറ്റു ഡ്രൈവറായും പയ്യൻ മാറുന്നു.
സുനന്ദയെന്ന മാലാഖയും അനസൂയയുമൊക്കെ പയ്യന്റെ ആരാധകർ. പയ്യന്റെ ഇംഗ്ലീഷ് ഭാഷാജ്ഞാനവും ആക്സൻറ്റുമൊക്കെ അവർക്ക് അത്ഭുതങ്ങളാണ്. സുനന്ദയുടെ കോൺട്രാക്ടർ ഭർത്താവും ( ആനന്ദ് ) പത്രപ്രവർത്തകൻ രാമനും പയ്യന്റെ ആരോഹണത്തിന്റെ ചവിട്ടുപടികളാണ്.

രഘുബീർ ചൗധരിക്ക് - അയാൾ മുൻ മുഖ്യമന്ത്രിയാണ് - വീണ്ടും അധികാരത്തിലെത്താനും പണ്ഡിറ്റ് ജി ആനന്ദ് റാം ചതുർവേദിക്ക് അസംബ്ളി ടിക്കറ്റിനും പയ്യനാണ് ചരടുവലിക്കുന്നത്. പയ്യന്റെ കൈകളിലൂടെ കറൻസികൾ കയറി ഇറങ്ങുന്നു. ആദ്യപടി സാൽവൻ പ്രഭു എന്ന പത്രമുതലാളിയെ മണിയടിച്ച് പത്രപ്രവർത്തനവുക എന്ന ദൗത്യമാണ്.
പയ്യൻ തന്റെ സ്വത്വം മാറ്റി വെച്ച് എല്ലാവരോടും സമഭാവനയോടെ പെരുമാറുകയാണ് തനിക്ക് ആകെ വേണ്ടുന്ന ക്വാളിഫിക്കേഷൻ എന്നറിഞ്ഞ് തന്മയത്വത്തോടെ തന്റെ ദൗത്യം നിർവ്വഹിക്കുന്നു .

രാഷ്ട്രീയ കുതന്ത്രങ്ങളും കള്ളപ്പണം ഉണ്ടാക്കാനുള്ള സൂത്ര വിദ്യകളും എല്ലാം ചേർന്ന് ദൽഹി യെന്ന മഹാ ദുർഗ്ഗത്തിൽ പയ്യൻ രാജാവായി വിലസുന്നു. സുനന്ദയെന്ന സാമൂഹ്യ പ്രവർത്തയാണ് പയ്യന്റെ വിജയത്തിനു പിന്നിൽ !
പശു എന്ന പുതിയ രാഷ്ട്രീയ ആയുധം ഈ നോവലെഴുതിയ 1969 കാലത്തു തന്നെ വി.കെ.എൻ തന്റെ ദീർഘദർശനത്തിലൂടെ വെളിവാക്കുന്നുണ്ട്. സവർണ നിലപാടുകൾ, ദലിതർക്കു നേരെയുള്ള അക്രമങ്ങൾ, ഗോഹത്യ തുടങ്ങി കാലിക പ്രസക്തി കൂട്ടുന്ന ഒട്ടനവധി രാഷ്ട്രീയ മുതലെടുപ്പുകൾ നമുക്കിതിൽ വായിക്കുമ്പോൾ അത്ഭുതം തോന്നാം.

സമകാല രാഷ്ട്രീയ, സാമൂഹ്യ നിലപാടുകൾക്ക് മനസ്സിലുയരുന്ന സംഘർഷങ്ങൾ ഇത്തരം ധിഷണളെ രചനകളിലൂടെ അവ ആവിഷ്ക്കരിക്കാൻ പ്രേരിപ്പിക്കുന്നതിന് ഉദാഹരണമാണ് ഈ നോവൽ. മലയാറ്റൂരിന്റെ യന്ത്രം, ഓ.വി.വിജയന്റെ ധർമ്മപുരാണം എന്നിവയൊക്കെ ഈ പശ്ചാത്തലത്തിൽ പിറന്ന നോവലുകൾ തന്നെ. ഒരു സത്യം ആരും ശ്രദ്ധിച്ചു പോകും - സാധാരണ അനുഭവിക്കാറുള്ള വന്യമായ വി.കെ. എൻ. ഹാസ്യം ഈ നോവലിൽ വിരളമായേ കാണാൻ കഴിയുന്നുള്ളു. ഒരു പക്ഷേ, വി.കെ.എൻ സഗൗരവം എഴുതിയുണ്ടാക്കിയ രാഷ്ട്രീയ നോവൽ എന്ന് ഇതിനെ വിളിക്കാം - അതുപോലെ ഇത്തരമൊരെണ്ണം പിന്നീട് എഴുതാൻ വി.കെ.എൻ തുനിയാത്തതു കൊണ്ട്, ഈ നോവൽ സമാനതകളില്ലാത്ത ഒരു വി.കെ.എൻ കൃതിയായി മാറുന്നു.

പ്രസാധകർ - ഡിസി ബുക്ക്സ്
വില - Rs.240/-